**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1372** **19-09-2025 - ൽ മറുപടിയ്ക്ക്**

**പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | വൈപ്പിൻ മണ്ഡലത്തിൽ രണ്ടര വർഷങ്ങൾക്ക് മുൻപ് ജി.എസ്. റ്റി. പ്രശ്നത്താൽ നിർമ്മാണ പ്രവർത്തനം നിലച്ച പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയിൽ നിന്നും കരാറുകാരനെ ഒഴിവാക്കുന്നതിനും ബ്രിഡ്ജ് പ്രോപ്പർ പ്രവൃത്തികൾ ഉടൻ പൂർത്തീകരിക്കുന്നതിനും സ്ഥലമേറ്റെടുപ്പ് പൂർത്തീകരിച്ച ശേഷം അപ്രോച്ച് റോഡ് പ്രവൃത്തികൾ ക്രമീകരിക്കുന്നതിനും 07.07.2025 തീയതിയിലെ സ.ഉ(സാധാ)നം. 1019/2025/PWD ഉത്തരവ് പ്രകാരം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. അത് പ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 21/07/2025 തീയതിയിലെ DB04/1628/2011 നമ്പർ ഉത്തരവ് പ്രകാരം കരാറുകാരനെ പ്രവൃത്തിയിൽ നിന്ന് ടെർമിനേറ്റ് ചെയ്യുകയും ബാലൻസ് പ്രവൃത്തി ടെൻഡർ ചെയ്യുകയും ചെയ്തു. ആദ്യ ടെൻഡറിൽ ഒരാൾ മാത്രം ക്വാട്ട് ചെയ്തതിനാൽ റീ ടെൻഡർ ചെയ്തു. റീ ടെൻഡറിൽ ഒരാൾ ക്വാട്ട് ചെയ്തത് പരിശോധനയിലാണ്. |
| (ബി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും അപ്രോച്ച് റോഡുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (ബി) | ബ്രിഡ്ജ് പ്രോപ്പർ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിന് ബാലൻസ് പ്രവൃത്തികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. അപ്രോച്ച് റോഡ് നിർമ്മാണത്തിനായി സ്ഥലമേറ്റെടുപ്പ് നടപടികൾ നടന്നു വരുന്നു. SIA പഠനം പൂർത്തീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറുന്ന മുറയ്ക്ക് അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവൃത്തിയ്ക്കായി ടെൻഡർ നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് | (സി) | ബ്രിഡ്ജ് പ്രോപ്പർ പ്രവൃത്തിക്ക് ലഭിച്ച ടെണ്ടർ പരിശോധനയിലാണ്. അപ്രോച്ച് റോഡിന്റെ |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ? | | പ്രവൃത്തികൾ ആരംഭിക്കുന്നതിന് സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ